## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2309

23.03.2012-ൽ
മറുപടിയ്ക്ക്

### എമർജിങ്ങ് കേരള നടപ്പാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബജറ്റ് പ്രഖ്യാപന പ്രകാരം ജി.ഐ.എം. മാതൃകയിൽ എമർജിംഗ് കേരള സംഘടിപ്പിക്കുമെന്ന പ്രഖ്യാപനം എപ്പോൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ; | (എ) എമർജിംങ്ങ് കേരള 2012 സെപ്റ്റംബർ മാസം 12-14 തീയതികളിൽ കൊച്ചിയിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ പ്രാരംഭ നടപടികൾ എന്തെങ്കിലും സർക്കാർ സ്വീകരിച്ചുവെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) എമർജിംഗ് കേരള സംഘടിപ്പിക്കുവാനായി മുഖ്യമന്ത്രി ചെയർമാനായി ഉന്നതാധികാര കമ്മിറ്റിയും, അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട മന്ത്രിമാർ ചെയർമാൻമാരായി പദ്ധതി കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യേയും നിയമിച്ചു. എമർജിംഗ് കേരള സംസ്ഥാനത്തെ ഭാവിയിലെ നിക്ഷേപക സാധ്യതകളുള്ള 26 മേഖലകളെയും അതിൽ 10 സുപ്രധാന മേഖലകളേയും പ്രദർശിപ്പിക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി അന്താരാഷ്ട്ര പ്രശസ്തി നേടിയ സ്ഥാപനങ്ങളുടെ പങ്കാളിത്തം, വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള ഔദ്യോഗിക പ്രതിനിധികൾ, പ്രവാസി ഇന്ത്യക്കാർ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവരുടെ സാന്നിദ്ധ്യം എന്നിവ ഈ സംഗമത്തിനു ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ